Draft #39 of File 5285/AD A1/1/2019/AD A 1 (PART-I) Approved by ASSISTANT REGISTRAR I (ADMIN) on 13-Mar-2025 04:47 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം - സിൻഡിക്കേറ്റ് തീരുമാനം - വിരമിക്കലിനെത്തുടർന്ന് ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ എന്നീ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നൽകിയത് - വൈസ് ചാൻസലറുടെ നടപടി സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 2413/AD A1/2025/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 14.03.2025

---

*പരാമർശം:*-1. സർവ്വകലാശാല ഉത്തരവ് നമ്പർ: 11878/ADA1/2024/എം.ജി.യു, തീയതി: 31.12.2024.
2. 21.02.2025 -ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൻറെ മിനിറ്റ്സ് ഇനം നം. 03/25.02/5285/AD A1/1/2019 (PART 1)

**ഉത്തരവ്**

മേൽ പരാമർശം (1) പ്രകാരം സർവ്വകലാശാലയിൽ ജോയിൻറ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ എന്നി തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റം, വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ് 1985, അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം അനുവദിച്ച് ഉത്തരവാകുകയുണ്ടായി.

| ക്രമ നം. | പേര് | സ്ഥാനക്കയറ്റ തസ്തിക, പ്രാബല്യം | തസ്തിക ഉൾക്കൊള്ളിച്ചിരിക്കുന്നത് | ഉത്തരവ് നമ്പർ,തീയതി |
|---|---|---|---|---|
| 1. | ശ്രീ. സജി എം.കെ., (PEN-1769), ഡെപ്യൂട്ടി രജിസ്ട്രാർ-8 (പരീക്ഷാ വിഭാഗം) | ജോയിൻറ് രജിസ്ട്രാർ, 01.01.2025 പൂർവ്വാഹ്നം മുതൽ | ശ്രീ. മോഹനൻ കെ.റ്റി., ജോയിൻറ് രജിസ്ട്രാർ, വിരമിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | നമ്പർ: 11878/AD A1/2024/എം.ജി.യു., തീയതി: 31.12.2024 |
| 2. | ശ്രീ. അനിൽ കുമാർ ജി., (PEN-2090), അസിസ്റ്റന്റ് രജിസ്ട്രാർ (ഹയർ ഗ്രേഡ്) -20 (പരീക്ഷാ വിഭാഗം) | ഡെപ്യൂട്ടി രജിസ്ട്രാർ, 01.01.2025 പൂർവ്വാഹ്നം മുതൽ | ശ്രീ. സജി എം.കെ., ഡെപ്യൂട്ടി രജിസ്ട്രാർക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്നുണ്ടായ തസ്തിക ഒഴിവ്. | |

മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997, അദ്ധ്യായം II, സ്റ്റാറ്റ്യൂട്ട് 50 പ്രകാരം, ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികകളിലേക്കുള്ള നിയമനം, സിൻഡിക്കേറ്റ് സർവ്വകലാശാല ആക്റ്റിലെ ചട്ടങ്ങൾ പ്രകാരം നടത്തേണ്ടതാണ്. എന്നാൽ മേൽ പരാമർശിച്ച ജോയിൻറ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ എന്നി തസ്തികകളിലേക്കുള്ള ഒഴിവ് അടിയന്തിരമായി നികത്തേണ്ടത് പരിഗണിച്ചാണ് വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ് 1985-ലെ അദ്ധ്യായം III സെക്ഷൻ 10 (17) -ലെ അധികാരം ഉപയോഗിച്ച് അപ്രകാരം ഉത്തരവായത്. ആയതിനാൽ പ്രസ്തുത വിവരം സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിനായി സമർപ്പിക്കുകയുണ്ടായി.

21.02.2025-ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം III സെക്ഷൻ 10 (17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച നമ്പർ: 11878/ADA1/2024/എം.ജി.യു, തീയതി: 31.12.2024 സർവ്വകലാശാലാ ഉത്തരവും പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ബിനോയ് എ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി.
2. രജിസ്ട്രാർ /പരീക്ഷാ കൺട്രോളർ /ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
3. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/ധനകാര്യം/അക്കാദമിക്/പരീക്ഷ)
4. ജോയിൻറ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ്, എം. ജി. സർവ്വകലാശാല
5. എസി സി-1/2/എഡി സി-4/5/യൂണിവേഴ്സിറ്റി വെബ്സൈറ്റ്
6. റെക്കോർഡ്സ് സെക്ഷൻ/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #39 of File 5285/AD A1/1/2019/AD A 1 (PART-I) Approved by ASSISTANT REGISTRAR I (ADMIN) on 13-Mar-2025 04:47 PM - Page 2